കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 12 | സെപ്റ്റംബർ 30, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 ഭക്ഷ്യ -പൊതുവിതരണ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതിയിലെ പച്ചക്കറി വിളവെടുപ്പ് നടത്തി

4 മരുതോങ്കര പഞ്ചായത്തിലെ കേരഗ്രാമം പദ്ധതി പൂർത്തീകരണ പ്രഖ്യാപനം

7 ആദായകരമായ ആടുവളർത്തൽ

# കരിമ്പുവിത്തുൽപാദന കേന്ദ്രം

## നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

പന്തളം കരിമ്പു വിത്തുത്പാദന കേന്ദ്രത്തിന്റെ പുനർജ്ജനി പദ്ധതിയുടെ ഭാഗമായുള്ള 165 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 17.09.2021 ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. സംസ്ഥാന കൃഷി വകുപ്പിന്റെ 63 ഫാമുകളിൽ ഒന്നാണ് പത്തനംതിട്ട ജില്ലയിൽ പന്തളത്ത് സ്ഥിതി ചെയ്യുന്ന കരിമ്പു വിത്തുല്പാദന കേന്ദ്രം. കരിമ്പു കൃഷി വ്യാപനത്തിനും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനുമായി 1963 ലാണ് ഫാം സ്ഥാപിതമാകുന്നത്. ഏകദേശം 15 ഏക്കറിലാണ് കരിമ്പ് കൃഷി ചെയ്യുന്നത്. പതിയൻ ശർക്കര, ഉണ്ട ശർക്കര, ചുക്കുണ്ട എന്നിങ്ങനെ വ്യത്യസ്ത ഇനം ശർക്കരയും ഇവിടെ ഉൽപാദിപ്പിക്കുന്നു. ചടങ്ങിൽ ഡപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. കരിമ്പ് ഉത്പാദന കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മാണം, ഫാം റോഡു നവീകരണം, ശർക്കര നിർമ്മാണ യൂണിറ്റ്, ഡയറി ഫാം, ആട് ഫാം എന്നിവയുടെ നവീകരണം തുടങ്ങിയവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. ചടങ്ങിൽ പത്തനംതിട്ട എം. പി. ശ്രീ. ആന്റോ ആന്റണി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഓമല്ലൂർ ശങ്കരൻ, എന്നിവർ സംസാരിച്ചു.






ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# ഭക്ഷ്യ -പൊതുവിതരണ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതിയിലെ പച്ചക്കറി വിളവെടുപ്പ് നടത്തി

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിലിന്റെ ഔദ്യോഗിക വസതിയായ വെള്ളയമ്പലത്തെ അജന്തയിലെ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് മന്ത്രിയും കുടുംബവും കൃഷിമന്ത്രി ശ്രീ. പി. പ്രസാദും ചേർന്ന് നിർവ്വഹിച്ചു. ഔദ്യോഗിക വസതിയിൽ 5 സെന്റ് സ്ഥലത്താണ് മന്ത്രി പച്ചക്കറി തോട്ടമൊരുക്കി കൃഷി നടത്തിയത്. വെണ്ട, പയർ, വഴുതന, മുളക്, തക്കാളി എന്നിവ മന്ത്രിയും പത്നി ആർ ലതാദേവിയും ചേർന്ന് കൃഷി നടത്തിയിട്ടുണ്ടായിരുന്നു. ഔദ്യോഗിക വസതിയിലെ കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കുമെന്നും മത്സ്യകൃഷിയും ഒപ്പം നടത്താൻ പദ്ധതിയുള്ളതായും മന്ത്രി അറിയിച്ചു.



ചടങ്ങിൽ കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. ശിവരാമകൃഷ്ണൻ, തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ ശ്രീ. കെ.എം രാജു എന്നിവർ പങ്കെടുത്തു.

# കാതിരണി, നിറവ് പദ്ധതികളുടെ
## സംയുക്ത ഉൽഘാടനം മന്ത്രി പി. പ്രസാദ് നിർവഹിച്ചു

കോഴിക്കോട് ജില്ലാ പഞ്ചായത്ത് കേരള സംസ്ഥാന യന്ത്രവത്ക്കരണ മിഷനുമായി ചേർന്നു നടത്തുന്ന "കതിരണി" പദ്ധതിയുടേയും ചങ്ങരോത്ത് പഞ്ചായത്ത് നിറവ് പദ്ധതിയുടെയും സംയുക്ത ഉത്ഘാടനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് നിർവഹിച്ചു.

കർഷകർ ഉല്പാദിപ്പിക്കുന്ന അധിക ഉത്പന്നങ്ങൾ സംഭരിക്കുവാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് മന്ത്രി അറിയിച്ചു. കള മൂടികിടന്ന 450 ഏക്കർ സ്ഥലമാണ് ഈ പദ്ധതികളിലൂടെ കൃഷിയിടം ആയി മാറുന്നത്. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി അധ്യക്ഷം വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഉണ്ണി വേങ്ങേരി സ്വാഗതംപറഞ്ഞു. പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി എ. എഫ് ഷേർളി, ചങ്ങാരോത് കൃഷി ഓഫീസർ ശ്രീമതി പി.കെ.ജിജിഷ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. കാർഷിക യന്ത്രവത്കരണ മിഷൻ സി.ഇ.ഒ ശ്രീ യു. ജയകുമാരൻ അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റിന്റെ സാങ്കേതിക വിവരണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ എം.പി.ശിവാനന്ദൻ, മറ്റു ജനപ്രതിനിധികൾ ആയ ശ്രീമതി വി.പി. ജമീല, ശ്രീ സി.എം.ബാബു, ശ്രീമതി ടി.പി. റീന, ശ്രീ എം.അരവിന്ദാക്ഷൻ, ശ്രീമതി ടി.കെ.ഷൈലജ, ശ്രീ പലയാട്ടു ബഷീർ എന്നിവർ പങ്കെടുത്തു.



# കേരഗ്രാമം പദ്ധതി മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്തു

പുറമേരി ഗ്രാമ പഞ്ചായത്തിന്റെ കേര ഗ്രാമം പദ്ധതി മന്ത്രി ശ്രീ പി.പ്രസാദ് പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ഉദ്ഘാടനം ചെയ്തു. നാളികേരത്തിന്റെ വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. നാളീകേരത്തിന്റെ ഉൽപാദന കുറവും രോഗകീടാക്രമണവും വിലയിടിവും മൂലം പ്രതിസന്ധിയിലായ നാളീകേരകർഷകർക്ക് കൈത്താങ്ങായിട്ടാണ് കേരഗ്രാമം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. .സംയോജിത വളപ്രയോഗത്തിലൂടെ രോഗകീടനിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് നാളികേര ഉത്പാദനം വർധിപ്പിക്കുന്നതോടൊപ്പം കർഷകരുടെ ജീവിത നിലവാരം




ഉയർത്തുവാനും പദ്ധതി ലക്ഷ്യമിടുന്നു. കുറ്റ്യാടി എം .എൽ .എ ശ്രീ കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അധ്യക്ഷനായ പരിപാടിയിൽ പുറമേരി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ .വി .കെ ജോതി ലക്ഷ്മി , തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ .പി വനജ ,വൈസ് പ്രസിഡന്റ് ശ്രീ സി .എം വി ജയൻ ,കൃഷി ഓഫീസർ ശ്രീമതി സി .എൻ അശ്വതി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# വാണിമേൽ ഗ്രാമ പഞ്ചായത്തിന്റെ കേരഗ്രാമം പദ്ധതി മന്ത്രി പി. പ്രസാദ് ഉൽഘാടനം ചെയ്തു

വാണിമേൽ ഗ്രാമ പഞ്ചായത്തിന്റെ കേര ഗ്രാമം പദ്ധതി മന്ത്രി പി.പ്രസാദ് ഉൽഘാടനം ചെയ്തു. ക്രെസെന്റ ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഉൽഘാടന ചടങ്ങിൽ നാദാപുരം എം.എൽ.എ ശ്രീ ഇ.കെ. വിജയൻ അധ്യക്ഷത വഹിച്ചു . വാണിമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി .സുരയ്യ ടീച്ചർ സ്വാഗതം ആശംസിച്ചു. തൂണേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി പി.സുമാറാണി, വാണിമേൽ പഞ്ചായത്തു സെക്രട്ടറി ശ്രീമതി സവിത എം. ജന പ്രതിനിധികൾ ആയ ശ്രീമതി കെ.ഡി.വനജ, ശ്രീ പി.സുരേന്ദ്രൻ മാസ്റ്റർ, ശ്രീമതി നജ്മ സി.വി, ശ്രീമതി സൽമ രാജു, ശ്രീമതി കെ.കെ. ഇന്ദിര, ശ്രീമതി സുഹറ തണ്ടന്റവിട, ശ്രീമതി ഫാത്തിമ കണ്ടിയിൽ, ശ്രീ എ. ചന്ദ്രബാബു, മു ശ്രീ ഹീദാ തട്ടാൻകണ്ടി, ശ്രീ എം.കെ.മജീദ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.



# മരുതോങ്കര പഞ്ചായത്തിലെ കേരഗ്രാമം പദ്ധതി പൂർത്തീകരണ പ്രഖ്യാപനം

മരുതോങ്കര സെന്റ് മേരീസ് ഫൊറോന ചർച്ച് പാരിഷ് ഹാളിൽ വച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ പി.പ്രസാദ് പൂർത്തീകരണ പ്രഗഖ്യാപനം നടത്തി. ചടങ്ങിൽ നാദാപുരം എം.എൽ.എ ശ്രീ ഇ.കെ. വിജയൻ അധ്യക്ഷത വഹിച്ചു. മരുതോങ്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.സജിത്ത് സ്വാഗതം പറഞ്ഞു .കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ഷേർളി എ. എഫ് പദ്ധതി വിശദീകരണം നടത്തി. മരുതോങ്കര കൃഷി ഓഫീസർ ശ്രീമതി രമ്യ രാജൻ വി. റിപ്പോർട്ട് അവതരിപ്പിച്ചു.




# എംപിഐ യുടെ മൊബൈൽ സെയിൽസ് വാഹനം

സർക്കാരിന്റെ നൂറുദിന പരിപാടിയോടനുബന്ധിച്ച് എംപിഐ അനുവദിച്ച 50 പുതിയ വിപണനകേന്ദ്രങ്ങൾ ക്കുള്ള ഡീലർഷിപ്പ് സർട്ടിഫിക്കറ്റിന്റെ സംസ്ഥാനതല വിതരണ ഉത്ഘാടനവും മൊബൈൽ സെയിൽസ് വാഹന ഫ്ലാഗ് ഓഫ് കർമ്മവും ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി സെപ്തംബർ 18 ന് നിർവഹിച്ചു




# കെ.എൽ.ഡി ബോർഡ് പന്നി വിസർജ്യം സംസ്കരിക്കുന്നു

കൂത്താട്ടുകുളത്തെ കെഎൽഡിബി യുടെ പന്നി പ്രജനന കേന്ദ്രം ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി സന്ദർശിച്ചു. പന്നി വിസർജ്യം സംസ്കരിച്ച് ഉൽപാദിപ്പിക്കുന്ന പരിസ്ഥിതി സൗഹൃദ പായ്ക്ക് വളം കർഷകർക്കായി വിപണിയിൽ ഇറക്കി.



# വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ എല്ലാ കർഷകർക്കും ക്ഷേമനിധി അംഗത്വം

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി കേരളത്തിലെ അർഹരായ മുഴുവൻ കർഷകർക്കും ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിന്റെ ഭാഗമായി യോഗ്യരായ മുഴുവൻ കർഷകരേയും എൻട്രോൾ ചെയ്ത കേരളത്തിലെ ആദ്യത്തെ പഞ്ചായത്തായി കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിനെ ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി സെപ്തംബർ 18 ന് പ്രഖ്യാപിച്ചു.



# അശോകയിലെ പച്ചക്കറി കൃഷി



ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണിയുടെ ഔദ്യോഗിക വസതിയായ അശോകയിലെ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ്.

# മൃഗസംരക്ഷണ-ക്ഷീരവികസന ശില്പശാല

ക്ല പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ -ക്ഷീരവികസന മേഖലകളിലെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ മേഖലയിലെ വിവിധ വകുപ്പുകളുടെയും അനുബന്ധ ഏജൻസികളുടെയും സംയുക്ത ശില്പശാല തിരുവനന്തപുരം ആനയറ സമേതിയിൽ വെച്ച് ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി സെപ്തംബർ 23 ന് ഉദ്ഘാടനം ചെയ്തു.



# പപ്പായ
# രുചിയ്ക്കും ആരോഗ്യത്തിനും

**ഭാഗം - 2**

**എം.എസ്. പ്രമോദ് കുമാർ**
കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

## മണ്ണും കാലാവസ്ഥയും

ഉഷ്ണമേഖലാപ്രദേശങ്ങളിൽ 40 ഡിഗ്രി സെൽഷ്യസ് വരെ ചൂടും 2000 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ പപ്പായ വളരുന്നതായി കാണുന്നു. 220c മുതൽ 260c താപനിലയാണ് ഏറ്റവും അനുയോജ്യം. കടുത്തവേനലും അതിശൈത്യവും അമിതമായ വെള്ളക്കെട്ടും പപ്പായക്കൃഷിക്ക് യോജിച്ചതല്ല.

## കൃഷി രീതി

വിത്ത് കിളിർപ്പിച്ച് ഉൽപാദിപ്പിക്കുന്ന തൈകളാണ് പ്രധാന നടീൽവസ്തുക്കൾ. നല്ലവണ്ണം പഴുത്ത കായ്കളിൽ നിന്നും എടുക്കുന്ന വിത്തുകൾ പുറത്തുള്ള ജലാറ്റിൻ പോലുള്ള അംശം നീക്കം ചെയ്തശേഷം അര അടി പൊക്കമുള്ള തടങ്ങളിൽ പാകാം. വിത്തുകളുടെ സൂക്ഷിപ്പ് കാലം കുറവായതിനാൽ വിത്തെടുത്ത് കഴിയുന്നതും വേഗം പാകണം. വിത്തുകൾ രണ്ട് സെന്റീമീറ്റർ ആഴത്തിൽ 10 സെന്റീമീറ്റർ അകലത്തിൽ പാകാം. ഇതിനുശേഷം തടങ്ങളിൽ പുതയിടലും എല്ലാ ദിവസവും രാവിലെ ചെറുതായി നനച്ച് കൊടുക്കാവുന്നതാണ്. ഒരു ഹെക്ടറിലെ കൃഷിക്ക് ഏകദേശം 250 ഗ്രാം വിത്ത് പാകാം. കുറഞ്ഞ എണ്ണം തൈകൾ ആവശ്യമുള്ളവർക്ക് ചെടിച്ചട്ടികളിലും പോളിബാഗിലും വിത്തുകൾ പാകാവുന്നതാണ്. 15-20 ദിവസങ്ങൾക്കുള്ളിൽ വിത്തുകൾ കിളിർക്കും. 15-20 സെ.മി പൊക്കമുള്ള തൈകൾ (ഏകദേശം രണ്ടു മാസം പ്രായം) പ്രധാന സ്ഥലത്തേക്ക് മാറ്റി നടാവുന്നതാണ്. കൃഷി ചെയ്യുന്ന ഇനം അനുസരിച്ച് തൈകൾ നടേണ്ട അകലം1.25 മീ x 1.25 മീ മുതൽ 2.00 മീ x 2.00 മീ വരെ ആകാവുന്നതാണ്.

ആൺ, പെൺ ചെടികൾ വെവ്വേറെ ഉണ്ടാകുന്ന (ഡയീഷ്യസ്) ഇനങ്ങളാണെങ്കിൽ ചെടികൾ പുഷ്പിക്കുമ്പോൾ 20 പെൺ ചെടികൾക്ക് ഒരാൺചെടി എന്ന കണക്കിൽ നിലനിർത്തി മറ്റുള്ളവ നീക്കം ചെയ്യണം. വ്യാവസായികമായി കൃഷി ചെയ്യുമ്പോൾ കൃത്യമായ നടീലകലം, വളപ്രയോഗം, ജലസേചനം, കീടരോഗ നിയന്ത്രണം എന്നിവ പാലിക്കുന്നത് ഉയർന്ന ഉൽപാദനം ലഭിക്കുന്നതിന് സഹായിക്കും

## വളപ്രയോഗം

തൈ നടുന്നതിന് മുൻപായി കുഴിയൊന്നിന് 10 മുതൽ 25 കിലോ ജൈവവളവും 240:240:480 NPK വളങ്ങളും വർഷത്തിലൊരിക്കൽ നൽകാവുന്നതാണ്. ലഭ്യത അനുസരിച്ച് 2 മാസത്തെ ഇടവേളകളിൽ വളപ്രയോഗം ചെയ്യുന്നത് അഭികാമ്യമാണ്. കടുത്ത വേനലിൽ തൈകൾക്ക് 2-3 ദിവസത്തിലൊരിക്കലും വലിയ ചെടികൾക്ക് ആഴ്ചയിലൊരിക്കലും മിതമായ തോതിൽ ജലസേചനം നൽകാം. ഡ്രിപ്പ് ഇറിഗേഷൻ രീതി അവലംബിക്കാവുന്നതാണ്. ചെടിയുടെ ചുവട്ടിൽ വെള്ളം കെട്ടിനിൽക്കാൻ ഒരുതരത്തിലും അനുവദിക്കരുത്.

ചെടിയുടെ ചുവട്ടിൽ 3-4 അടി വരെ വൃത്താകൃതിയിൽ കളനീക്കം ചെയ്യുന്നതും പുതിയിടുന്നതും ചെടികളുടെ വളർച്ചയ്ക്ക് നല്ലതാണ്.

## കീടരോഗ നിയന്ത്രണം

### പപ്പായ മീലിമൂട്ട

തുടക്കത്തിൽ ഇലയുടെ അടിവശത്തും പിന്നീട് കായ്കളെ പൊതിഞ്ഞും ആക്രമണം നടത്തുന്ന മീലിമൂട്ടകൾ ചെടികൾക്ക് വലിയ നാശം ഉണ്ടാക്കുന്നു. തൈകൾ ഇവയുടെ ആക്രമണം മൂലം പൂർണമായും നശിക്കും. അസെറോഫാഗസ് പപ്പായെ എന്ന കീടത്തെ ഉപയോഗിച്ച് ജൈവ മാർഗ്ഗത്തിലൂടെ പപ്പായ മീലിമൂട്ടകളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയും

ജലനിർഗമനത്തിന് തടസ്സമുണ്ടായി വെള്ളക്കെട്ട് ഉണ്ടാകുന്ന പ്രദേശങ്ങളിൽ ഫംഗസ് ബാധ മൂലം തൈകൾ അഴുകിപോകുന്നതായും വലിയ ചെടികളിൽ വേരിനും കടഭാഗത്തും അഴുകൽ കാണാറുണ്ട്.

വെള്ളക്കെട്ട് ഒഴിവാക്കിയും ബോർഡോ മിക്സ്ചർ/പേസ്റ്റ് അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് ഉപയോഗിച്ചും രോഗം നിയന്ത്രിക്കാവുന്നതാണ്. വൈറസ് ബാധ മൂലം പപ്പായ മൊസൈക്ക്, പപ്പായ ഇല ചുരുൾ എന്നീ രോഗങ്ങൾ ബാധിച്ച ചെടികൾ ഉടൻ തന്നെ നീക്കം ചെയ്ത് കത്തിച്ച് നശിപ്പിക്കണം.

## വിളവെടുപ്പ്

തൈകൾ 5 മാസം കൊണ്ട് പുഷ്പിക്കുവാനും കായ്ഫലം തരുവാനും ആരംഭിക്കും. ശരാശരി 30 കായ്കൾ വരെ ഒരു വർഷം ചെടിയൊന്നിൽ നിന്നും ലഭിക്കും. തൊലിയിൽ മഞ്ഞനിറം കാണാൻ തുടങ്ങുന്നതോടെ പറിച്ചെടുക്കണം. പപ്പായ ചെടി വളരെ വർഷങ്ങൾ കായ്ഫലം നൽകുമെങ്കിലും ലാഭകരമായി കൃഷി ചെയ്യുന്ന കാലാവധി പരമാവധി മൂന്ന് വർഷം വരെയാണ്.

## പപ്പെയ്ൻ ശേഖരണം

പപ്പായ കായ്കളിലെ കറയിൽ അടങ്ങിയിരിക്കുന്ന ഒരു എൻസൈമാണ് പപ്പെയ്ൻ. മാംസ സംസ്കരണം, തോൽ വ്യവസായം, ച്യൂയിംഗം, സൗന്ദര്യവർദ്ധക വസ്തുക്കൾ എന്നിവയുടെ നിർമ്മാണം മുതലായവയ്ക്ക് പപ്പെയ്ൻ ഉപയോഗിക്കുന്നു.

പകുതി മുതൽ മുക്കാൽ മൂപ്പെത്തിയ (70 -100 ദിവസം പ്രായമുള്ള) കായ്കളിൽ നിന്നാണ് പപ്പെയ്ൻ അടങ്ങിയ കറ ശേഖരിക്കുന്നത്. കായ്കളുടെ നീളത്തിൽ ഞെട്ട് മുതൽ അറ്റം വരെ നീളത്തിൽ മൂന്ന് മില്ലി. മീറ്റർ ആഴത്തിൽ വരഞ്ഞ് ഇതിലൂടെ ഒഴുകുന്ന വെളുത്ത കറയാണ് ശേഖരിക്കുന്നത്. അതിരാവിലെ കറശേഖരണം നടത്തുന്നതാണ് അഭികാമ്യം മുറിവിലൂടെ ഒലിച്ചിറങ്ങുന്ന കറ അലുമിനിയം/ഗ്ലാസ്/പ്ലാസ്റ്റിക്ക് പാത്രങ്ങളിൽ ശേഖരിച്ച് സൂര്യപ്രകാശത്തിലോ ഡ്രയറുകൾ ഉപയോഗിച്ചോ ഉണക്കി വായുകടക്കാത്ത ഗ്ലാസ്/പോളിത്തീൻ പാത്രങ്ങളിൽ 6 മാസം വരെ സൂക്ഷിക്കാം. ഓരോ കായിൽ നിന്നും 3-4 ദിവസത്തെ ഇടവേളയിൽ രണ്ടോ മൂന്നോ തവണ കൂടി കറ എടുക്കാവുന്നതാണ്. ഉണങ്ങുന്നതിന് മുൻപായി അല്പം പൊട്ടാഷ്യം മെറ്റാബൈസൾഫേറ്റ് കൂടി ചേർക്കുന്നത് കറയുടെ സൂക്ഷിപ്പ് കാലം വർദ്ധിപ്പിക്കും. ഇങ്ങനെ ലഭിക്കുന്ന ക്രൂഡ് പപ്പെയ്ൻ പാക്കറ്റുകളിലാക്കി വിപണനം ചെയ്യാം. കറയെടുക്കുന്ന കായ്കളുടെ പുറംമോടി അല്പം കുറയുമെന്നല്ലാതെ രുചിയിൽ യാതൊരു വ്യത്യാസവും ഉണ്ടാകില്ല.

രുചിയും ഔഷധഗുണവും വ്യാവസായിക പ്രാധാന്യവും ഒത്തുചേർന്നതും ലളിതമായ രീതിയിൽ കൃഷി ചെയ്യാവുന്നതുമായ പപ്പായ നമ്മുടെ വീട്ടുമുറ്റത്തും തോട്ടങ്ങളിലും പ്രമുഖസ്ഥാനം നൽകേണ്ട വിളയാണ്.

# ആദായകരമായ ആട്ടുവളർത്തൽ

ഭാഗം - 3

# കൂട്ടു നിർമ്മാണം

**ഡോ. വേണുഗോപാൽ ആർ.**
**ഡോ. ആശ റ്റി.റ്റി.**

വ്യാവസായികാടിസ്ഥാനത്തിൽ ആട്ടുവളർത്തൽ സംരംഭം തുടങ്ങുമ്പോൾ എത്ര ആട്ടുകളെ വളർത്താനുദ്ദേശിക്കുന്നു എന്നതനുസരിച്ച് ഷെഡ് രൂപകൽപന ചെയ്യണം. ഭാവിയിൽ വികസിപ്പിക്കാൻ പറ്റുന്ന തരത്തിലുള്ള ഷെഡുകളാണ് നിർമ്മിക്കേണ്ടത്. ചിലവു കുറഞ്ഞതും അതേ സമയം ശാസ്ത്രീയ പരിപാലന മുറകൾക്ക് സഹായിക്കുന്നതും ആയ രീതിയിലാവണം ഷെഡുകൾ. വളർത്തുവാൻ ഉദ്ദേശിക്കുന്ന ആട്ടുകളുടെ എണ്ണവും തരവും അനുസരിച്ച് വേണം ഷെഡിന്റെ പ്ലാൻ തയ്യാറാക്കേണ്ടത്. തീറ്റസാധനങ്ങൾ ശേഖരിച്ചുവയ്ക്കാനായി പ്രത്യകം മുറി ആവശ്യമാണ്. ആട്ടുകൾ അധികം തണുപ്പ് ഇഷ്ടപ്പെടുന്നില്ല. ശക്തമായ കാറ്റ് ആട്ടുകളുടെ ശരീരത്തിൽ അടിക്കാത്ത രീതിയിലാകണം ഷെഡിന്റെ വശങ്ങൾ പണിയേണ്ടത്. നാലുവശവും തുറസായ ഷെഡിന്റെ വശങ്ങൾ കുറഞ്ഞത് ഒരു മീറ്റർ ഉയരത്തിൽ കട്ട കെട്ടിയോ അല്ലാതെയോ മറച്ചിരിക്കണം.

കൂട്ടിനകത്ത് ആട്ടുകളെ കെട്ടിയിട്ടും കെട്ടിയിടാതെയും വളർത്താം. കെട്ടിയിടാതെ വളർത്തുമ്പോൾ കൂടിനകത്ത് യഥേഷ്ടം മേയാനുള്ള അവസരം ആട്ടുകൾക്ക് ലഭിക്കുന്നു. ഇങ്ങനെ കൂട്ടിനകത്ത് തുറന്നു വിട്ട് വളർത്തുമ്പോൾ ആടൊന്നിന് ശരാശരി 1-2.5 ചതുരശ്ര മീറ്റർ സ്ഥലം ആവശ്യമാണ്. പെണ്ണാടൊന്നിന് വലിപ്പത്തിനനുസരിച്ച് 10 മുതൽ 15 ചതുരശ്ര അടി സ്ഥലം നൽകണം. മുട്ടനാടിന് 20 ചതുരശ്ര അടിയും മൂന്ന് മാസത്തിൽ താഴെ പ്രായമുള്ള ആട്ടിൻ കുട്ടിയ്ക്ക് ഒരു ചതുരശ്ര അടിയും സ്ഥലമാവശ്യമാണ്. വ്യായാമത്തിനായി 25 ചതുരശ്ര അടി സ്ഥലം കൂടിനകത്തോ പുറത്ത് പാഡക്കിലോ അധികമായി നൽകണം. കൂടിനുള്ളിൽ കെട്ടിയിട്ടുവളർത്തുകയാണെങ്കിൽ ആടൊന്നിന് 25 ചതുരശ്ര അടി സ്ഥലം എന്ന നിരക്കിൽ എങ്കിലും നൽകേണ്ടതാണ്. (Picture drinker)

ആട്ടിൻകുട്ടികളെ തണുപ്പിൽ നിന്നും ചൂടിൽ നിന്നും അസുഖങ്ങളിൽ നിന്നും സംരക്ഷിക്കാനുതകുന്ന വിധം വേണം കൂട്ടുകൾ നിർമ്മിക്കേണ്ടത്. പിറന്നു വീണ ആട്ടിൻകുട്ടികൾക്കായി പെട്ടികൾ സജ്ജമാക്കാവുന്നതാണ്. 50-60 സെൻറീമീറ്റർ നീളവും 40-50 സെൻറീമീറ്റർ വീതിയും 30-40 സെൻറീമീറ്റർ ഉയരവും ഉള്ള പെട്ടികളിൽ വിരിയിട്ട് ആദ്യ മൂന്ന് ദിവസം കുട്ടികളെ ഇടാവുന്നതാണ്.

വളർത്താനുദ്ദേശിക്കുന്ന ആട്ടുകളുടെ എണ്ണത്തിനനുസരിച്ച് കൂടിന്റെ വലിപ്പം കണക്കാക്കാം. മുട്ടനാടിനും പെണ്ണാടിനും കുട്ടികൾക്കും പ്രത്യേകം പ്രത്യേകം അറകൾ ഷെഡിനുള്ളിൽ നിർമ്മിക്കണം. മുട്ടനാടിൻറെ കൂട് കറവയാടിന്റേതിൽ നിന്നും അകലത്തിലായിരിക്കണം. മുട്ടനാട്ടുകളെ ഒറ്റയ്ക്കിടണം. പെണ്ണാട്ടുകളെ അറുപതെണ്ണം വരെ ഒരുകൂട്ടിലിടാം. പ്രസവത്തിന് ഒരാഴ്ചമുൻപ് ഗർഭിണിയാടിനെ ഒറ്റയ്ക്കൊരു കൂട്ടിലേക്ക് മാറ്റണം. 4അടി 5 അടി വലുപ്പമുള്ള അറകൾ ഇതിനായി ഉപയോഗിക്കാം. 25 കുട്ടികളെ വരെ ഒരു കൂട്ടിലിടാം. 1.8 ചതുരശ്ര മീറ്റർ വലുപ്പവും 1.3 മീറ്റർ ഉയരവും ഉള്ള അറയിൽ 10 ആട്ടിൻ കുട്ടികളെ ഇടാം. പ്രസവമടുത്ത ആട്ടുകളെ ഒറ്റയ്ക്കു പാർപ്പിയ്ക്കുവാനും ഇതേ കൂട്ടുപയോഗിക്കാം. അസുഖകാർക്കായി പ്രത്യേക കൂട് ആവശ്യമാണ്.

പാഡക്ക് - വ്യാവസായികാടിസ്ഥാനത്തിൽ ആട്ടുകളെ വളർത്തുമ്പോൾ കൂടിനടുത്ത് ആട്ടുകൾക്ക് കുറച്ചുസമയം മേയുവാനുള്ള സൗകര്യം ഒരുക്കണം. 100-150 ചതുരശ്രമീറ്റർ സ്ഥലം വേലികെട്ടി തിരിച്ച് 50 ആട്ടുകൾക്കുള്ള പാഡക്കായി ഉപയോഗിക്കാം. 12 മീറ്റർ *18 മീറ്റർ വലുപ്പമുള്ള പാഡക്ക് 100-125 ആട്ടുകൾക്ക് വ്യായാമത്തിനുതകും. പകൽ സമയം ആട്ടുകളെ ഈ പാഡക്കിൽ ഇറക്കി പച്ചപുല്ലും വെള്ളവും നൽകിയാൽ കൂട് വൃത്തിയാക്കാനും ഉണക്കാനും എളുപ്പമാണ്. പാഡക്കിനുചുറ്റുമായി തണൽ വൃക്ഷങ്ങൾ നട്ടുവളർത്താം. തറയിൽ വീണുകിടക്കുന്ന പുല്ല് കഴിക്കുവാൻ ആട്ടുകൾ മടി കാണിക്കാറുണ്ട്. പുല്ലിന്റെ പാഴ്ച്ചിലവ് ഒഴിവാക്കാനായി പാഡക്കിനുള്ളിൽ പച്ചപ്പുല്ലു വയ്ക്കുന്നതിനുള്ള "ഹേ റാക്ക്' അഥവാ "വൈക്കോൽ തട്ട്"" സജ്ജീകരിയ്ക്കാവുന്നതാണ്.



# കന്നുകാലികളിൽ ജനിത ഗവേഷണം

സംസ്ഥാനത്തെ കന്നുകാലികളുടെ ജനിതകപരമായ പുരോഗമനത്തിനും അത് വഴി അത്യുത്പാദനക്ഷമത ഉള്ള കന്നുകാലികളെ വാർത്തെടുക്കുന്നതിനും വേണ്ടിയുള്ള നയങ്ങളും നടപടികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി KLD ബോർഡും Indian Institute of Science Education and Research (IISER) ഉം കന്നുകാലികളുടെ ജനിത ഗവേഷണ രംഗത്ത് സംയുക്തമായി ആരംഭിക്കുന്ന ഗവേഷണ പദ്ധതികളുടെ ധാരണാപത്രം (Memorandum of Understanding) ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണിയുടെ സാന്നിദ്ധ്യത്തിൽ സെപ്റ്റംബർ 24 ന് കൈമാറി.




# വെറ്ററിനറി ഡോക്ടർമാർക്ക് കരിയർ ഓറിയന്റേഷൻ പ്രോഗ്രാം

കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിന്റെ നവീകരിച്ച വെബ്സൈറ്റിന്റെയും വെറ്ററിനറി ഡോക്ടർമാർക്കുള്ള കരിയർ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണിയുടെ സാന്നിദ്ധ്യത്തിൽ സെപ്റ്റംബർ 28 ന് നിർവഹിച്ചു.



# ഗോമതി ഗോൾഡ് സമ്മാനപദ്ധതി

മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ സമ്മാനപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണിയുടെ സാന്നിദ്ധ്യത്തിൽ സെപ്റ്റംബർ 30 ന് നിർവ്വഹിച്ചു. മിൽമ ഗോൾഡ് കാലിത്തീറ്റ കൂടുതൽ ക്ഷീരകർഷകരിലേക്ക് എത്തിക്കുന്നതിന്റെ പ്രചരണാർത്ഥം ക്ഷീര കർഷകരിൽ നിന്നും സംഭരിക്കുന്ന പാൽ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വിവിധയിനം പാലുല്പന്നങ്ങൾ ക്ഷീരകർഷകർക്ക് തന്നെ പരിചയപ്പെടുത്താൻ ഉതകുന്ന നൂതനമായ ഒരു ആശയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ചാക്ക് മിൽമ ഗോൾഡ് കാലിത്തീറ്റ വാങ്ങുമ്പോഴും 250 രൂപ വിലവരുന്ന




സമ്മാനകൂപ്പൺ ലഭ്യമാകുന്നതാണ്. ഈ കൂപ്പൺ ഉപയോഗിച്ച് മിൽമയുടെ പാലുല്പന്നങ്ങളും ധാതുലവണ മിശ്രിതം ആയ മിൽമമിനും ക്ഷീര കർഷകർക്ക് സൗജന്യമായി വാങ്ങാവുന്നതാണ്. ഈ പ്രോത്സാഹനസമ്മാനം പദ്ധതിയിലൂടെ മൂന്നു കോടിയിലേറെ വിലവരുന്ന മിൽമ ഉൽപ്പന്നങ്ങളും മിൽമമിനുമാണ് കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ക്ഷീരകർഷകർക്ക് സംഘങ്ങൾ വഴി വിതരണം ചെയ്യുവാൻ മിൽമ ഉദ്ദേശിക്കുന്നത്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh